പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4009 — 31.01.2014-ൽ മറുപടിക്ക്

## പറമ്പിക്കുളത്തെ ഭവനരഹിതരായ ആദിവാസികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ: | | കുമാരി. പി.കെ.ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളിൽ ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; കോളനി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | (എ) | പറമ്പിക്കുളത്തെ വിവിധ കോളനികളിലായി 48 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരാണ്. കോളനി തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു |
| (ബി) | ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വീടുവെച്ച് നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് (പ്ലാൻ) പദ്ധതിയിൽ ഉൾപ്പെടുത്തിയും, പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരുടെ സമഗ്ര പുരോഗതിയ്ക്കായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച പ്രത്യേക അവാർഡു പ്രകാരം ലഭിച്ച തുക ഉപയോഗിച്ചും, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരവും ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |

(എ) ഉത്തരത്തിലെ പട്ടിക:

| കോളനിയുടെ പേര് | ഭവനരഹിതരുടെ എണ്ണം |
|---|---|
| പൂപ്പാറ | 9 |
| കടവ് | 9 |
| എർത്ത്ഡാം | 9 |
| സുങ്കം | 15 |
| അഞ്ചാംകോളനി | 1 |
| ഒറവൻപാടി | 5 |
| ആകെ | 48 |

| | | | |
|---|---|---|---|
| (സി) | പറമ്പിക്കുളത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വീടുവെച്ചു നൽകാനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ? | (സി) | പറമ്പിക്കുളത്ത് എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിച്ചു നൽകുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ഭവനരഹിതരായിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിനായി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. |

Haripriya

**സെക്ഷൻ ഓഫീസർ**